മാധ്യമം

30 November 2025

# അഷ്ടമുടി കക്ക: സി.എം.എഫ്.ആർ.ഐ ശ്രമം ഫലംകാണുന്നു

**കൊല്ലം:** അഷ്ടമുടി കായലിലെ പൂവൻകക്ക സമ്പത്ത് വർധിപ്പിക്കാനുള്ള കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) ശ്രമങ്ങൾ ഫലം കാണുന്നു.അവർ നടത്തിയ ഫീൽഡ് സർവേയിൽ, കക്കയിനത്തിന്റെ ഉൽപാദനത്തിൽ വർധനവുണ്ടായതായും വിത്തുകക്കകൾ കായലിൽ വ്യാപകമായതായും കണ്ടെത്തി. സി.എം.എഫ്.ആർ.ഐ വിഴിഞ്ഞം റീജണൽ സെന്ററിന്റെ നേതൃത്വത്തിൽ കഴിഞ്ഞവർഷം 30 ലക്ഷം കക്കവിത്തുകൾ കായലിൽ നിക്ഷേപിച്ചിരുന്നു. 2018ലെ പ്രളയാനന്തരം അഷ്ടമുടിയിൽ കക്കവിത്തുൽപാദനം ഗണ്യമായി കുറഞ്ഞ പശ്ചാത്തലത്തിലാണ് പുനരുജ്ജീവന ശ്രമങ്ങൾക്ക് തുടക്കമിട്ടത്.

ഷെൽഫിഷ് ഫിഷറീസ് വിഭാഗം നടത്തിയ സർവേയിൽ കക്ക വിത്തുൽപാദനത്തിൽ പുരോഗതി കൈവരിച്ചതായാണ് കണ്ടെത്തൽ. ഉയർന്ന തോതിൽ ഉപ്പുരസമുള്ള ഭാഗങ്ങളിലാണ് കൂടുതലായും കക്ക കുഞ്ഞുങ്ങളെ കണ്ടെത്തിയത്. ഇവയുടെ വളർച്ച സുഗമമാക്കുന്നതിനും കായലിൽ കക്ക സമ്പത്ത് പൂർവസ്ഥിതിയിലാക്കുന്നതിനുമായി ഡിസംബർ ഒന്ന് മുതൽ മൂന്ന് മാസത്തേക്ക് കായലിൽ നിന്നും കക്കവാരുന്നതിൽ നിരോധനം ഏർപ്പെടുത്തണമെന്ന് സി.എം.എഫ്.ആർ.ഐ നിർദേശം ജില്ല ഭരണകൂടം അംഗീകരിച്ച് കഴിഞ്ഞദിവസം ഉത്തരവിറക്കി.

വിഴിഞ്ഞം കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എം.കെ. അനിലിന്റെ മേൽനോട്ടത്തിൽ കഴിഞ്ഞവർഷം നിക്ഷേപിച്ച കക്ക കുഞ്ഞുങ്ങളിൽ 80 ശതമാനത്തോളം അതിജീവന നിരക്ക് ലഭിച്ചതായി കണ്ടെത്തി. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഗീത ശശികുമാറാണ് സർവേക്ക് നേതൃത്വം നൽകിയത്. നീണ്ടകര പാലത്തിന് സമീപമുള്ള ബാർ മൗത്ത് പ്രദേശം കക്ക വാരൽ നിരോധിത മേഖലയായി നേരത്തെ പ്രഖ്യാപിച്ചത് തുടരാനും സി.എം.എഫ്.ആർ.ഐ നിർദേശിച്ചിട്ടുണ്ട്.